**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2882** **13-12-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്ക് മുഖേനയുള്ള കാർഷിക വായ്പാ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ സഹകരണ ബാങ്കുകൾ മുഖേന നടപ്പ് സാമ്പത്തിക വർഷം എത്ര പേർക്ക് കാർഷിക വായ്പ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | വയനാട് ജില്ലയിൽ കേരള ബാങ്ക് ശാഖകൾ മുഖാന്തിരം, നടപ്പ് സാമ്പത്തിക വർഷത്തിൽ കിസാൻ മിത്ര വായ്പാ പദ്ധതി പ്രകാരം 1733 പേർക്കും, കിസാൻ മിത്ര (3 ലക്ഷത്തിന് മുകളിൽ) പദ്ധതി പ്രകാരം 256 പേർക്കും, കിസാൻ മിത്ര Vegitable Food Promotion Council Kerala (VFPCK) പദ്ധതി പ്രകാരം 124 പേർക്കും, LT(Agri) പദ്ധതി പ്രകാരം 13 പേർക്കും, PRS വായ്പാ പദ്ധതി പ്രകാരം 241 പേർക്കും കാർഷികാവശ്യങ്ങൾക്കായി വായ്പാ വിതരണം നടത്തിയിട്ടുണ്ട്. കേരള ബാങ്ക് മുഖേന വിതരണം ചെയ്തിട്ടുള്ള പ്രസ്തുത കാർഷിക വായ്പകളും, മറ്റ് സഹകരണ സംഘങ്ങൾ മുഖേന 13502 പേർക്ക് വിതരണം ചെയ്തിട്ടുള്ള കാർഷിക വായ്പകളും ഉൾപ്പെടെ വയനാട് ജില്ലയിൽ ആകെ 15869 പേർക്ക് കാർഷിക വായ്പ വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം വിതരണം ചെയ്ത തുക എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | ഇപ്രകാരം കേരള ബാങ്ക് ശാഖകൾ മുഖേന വിതരണം ചെയ്ത ആകെ തുക 6334.28 ലക്ഷം രൂപയും മറ്റ് സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്തിട്ടുള്ളത് 180.56 കോടി രൂപയുമാണ്. |
| (സി) | ഏറ്റവും കൂടുതൽ കാർഷിക വായ്പ വിതരണം ചെയ്ത സഹകരണ ബാങ്ക് ഏതാണെന്ന് വ്യക്തമാക്കുമോ? | (സി) | തരിയോട് സർവ്വീസ് സഹകരണ ബാങ്ക് |

സെക്ഷൻ ഓഫീസർ